ഉത്തരം

(എ) (1) അഖിലേന്ത്യാ സർവ്വീസ്, കേന്ദ്ര സർവ്വീസ് എന്നിവ .. 60 വയസ്സ്

(2) ഹൈക്കോടതി ജഡ്ജി .. 62 ,,

(3) സബോർഡിനേറ്റ് ജുഡീഷ്യൽ ഓഫീസർ .. 58 ,,

(4) പാർട്ട് ടൈം കണ്ടിൻജന്റ് വിഭാഗം ജീവനക്കാർ .. 70 ,,

(5) 7-4-1970-ൽ ലാസ്റ്റ് ഗ്രേഡ് റഗുലർ സർവ്വീസിലുണ്ടായിരുന്നവരും അതേ തസ്തികയിൽ തുടരുന്നവരുമായ ജീവനക്കാർ .. 60 ,,

(6) 1-4-1965-നും 7-4-1970-നും ഇടയ്ക്ക് ഫുൾടൈം കണ്ടിൻജന്റ് തസ്തികയിൽ താൽക്കാലികമായി നിയമിക്കപ്പെട്ടവരും 7-4-1970-നു ശേഷം റഗുലർ തസ്തികയിലെത്തിയവരുമായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ .. 60 ,,

(7) 7-4-1970-നുമുമ്പ് വില്ലേജ്മാനായി സർവ്വീസിൽ പ്രവേശിച്ച് അതേ തസ്തികയിൽ തുടരുന്ന ജീവനക്കാർ .. 60 ,,

(8) 7-4-1970-നുമുമ്പ് മിലിട്ടറി സർവ്വീസിലോ ആസാം റൈഫിൾസിലോ സേവനം അനുഷ്ഠിച്ചവരും 7-4-1970-നു ശേഷം സർക്കാർ സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രവേശിച്ച് അതേ തസ്തികയിൽ തുടരുന്നവരുമായ ജീവനക്കാർ .. 60 ,,

(9) 7-4-1970-നുമുമ്പ് മിലിട്ടറി സർവ്വീസിലുണ്ടായിരുന്നവരും അതിനുശേഷം സർക്കാർ സർവ്വീസിൽ വില്ലേജ്മാനായി നിയമിക്കപ്പെട്ട് അതേ തസ്തികയിൽ തുടരുന്നവരുമായ ജീവനക്കാർ .. 60 ,,

(10) മറ്റു വിഭാഗക്കാർ .. 55 ,,

(ബി ആന്റ് സി) ഇല്ല.

മാറാട് സംഭവത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ

19 [818] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് സംഭവത്തെ തുടർന്ന് ഗവൺമെന്റുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം സംഘടനകളാണ് ഈ ഒത്തു തീർപ്പ് വ്യവസ്ഥയിൽ പങ്കാളികളായത്;

(സി) ഒത്തുതീർപ്പ് വ്യവസ്ഥയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ—സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

പെൺവാണിഭ കേസുകളിലുൾപ്പെട്ട പോലീസുകാർ

20 [820] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:

,, കെ. എൻ. എ. ഖാദർ:

,, സി. മമ്മൂട്ടി:

,, പി. കെ. കെ. ബാവ:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസുകാർ പെൺവാണിഭ കേസുമായി ബന്ധപ്പെട്ട് പിടിയിലായിട്ടുണ്ട്;

(ബി) പെൺവാണിഭ കേസിൽ നേരിട്ടോ അല്ലാതെയോ ബന്ധമുള്ള പോലീസുകാരെ പ്രതികളാക്കി കേസ്സെടുക്കേണ്ടതായ ഉന്നത പോലീസ് ഓഫീസർമാർ അവരെ കേസിൽനിന്നും ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം കേസിൽപ്പെടുന്ന പോലീസുകാരെ സർവ്വീസിൽനിന്നും പുറത്താക്കുകയും നിയമത്തിന്റെ പഴുതിൽനിന്നും രക്ഷപ്പെട്ട് പോകാതിരിക്കാൻ അവർക്കെതിരെ കൊലക്കുറ്റത്തിന് ക്രിമിനൽ കേസ് ചാർജ് ചെയ്യുകയും ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒമാൾ.

(ബി) ഇല്ല.

(സി) ഇപ്രകാരം കുറ്റവാളികളാകുന്നവരുടെ പേരിൽ നിയമാനുസരണം നടപടി സ്വീകരിക്കുന്നതാണ്. അവർ ചെയ്യുന്ന കുറ്റങ്ങൾക്കനുസരണമായി കേസ് ചാർജ് ചെയ്യുന്നതുമാണ്.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly